**"ഭരണഭാഷ - മാതൃഭാഷ"**
**വ്യാവസായിക പരിശീലനവകുപ്പ്**
**(കേരളസംസ്ഥാനം)**

<u>ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം</u>
(നിലവിൽ: നഹാസ് എം എസ് )

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് -ട്രെയിനിംഗ് ഡയറക്ടറേറ്റ് -ജീവനക്കാര്യം - 2020-ലെ പൊതുസ്ഥലമാറ്റം -അനോമലി അപേക്ഷകൾ പരിഗണിച്ച് ഉത്തരവാകുന്നു

പരാമർശം:- 28.09.2020-ലെ DT/2765/2020-A2 നമ്പരായ ഉത്തരവ്

**<u>ഉത്തരവ് നമ്പർ: DT/2765/2020-A2 തീയതി: 28/10/2020</u>**

പരാമർശ ഉത്തരവ് പ്രകാരമുള്ള പൊതുസ്ഥലമാറ്റവുമായി ബന്ധപ്പെട്ട അനോമലി പരിഹരിക്കുന്നതിനായി താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്

1. ശ്രീ സുനിൽ പി സി , ജൂനിയർ ഇൻസ്ട്രക്ടർ ഐടിഐ കൽപ്പറ്റ:-ശ്രീ സുനീഷ് കെ എൻ-ന സ്ഥലമാറ്റം നല്കിയതിനെതിരായാണ് ശ്രീ സുനിൽ പി സി പരാതി നൽകിയിരിക്കുന്നത് . ശ്രീ സുനിൽ സി , ശ്രീ സുനീഷ് കെ എം എന്നിവർ നിലവിലെ സ്ഥാപനങ്ങളിൽ മൂന്ന് വർഷം പൂർത്തിയാക്കിയിട്ടില്ല. ആയതിനാൽ രണ്ട് പേർക്കും പൊതുസ്ഥലമാറ്റത്തിൽ പരിഗണിക്കപ്പെടാൻ അർഹതയില്ലായിരുന്നു. എന്നാൽ സീതാംഗോളി ഐടിഐ-ൽ അരിത്തമാറ്റിക് കം ഡ്രായിങ് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വരുകയും ടി ജീവനക്കാർ അല്ലാതെ മറ്റ് അപേക്ഷകർ ഇല്ലാത്ത സാഹചര്യത്തിൽ സ്ഥലമാറ്റം ആവശ്യപ്പെടുന്ന സ്ഥാപനത്തിൽ നിന്നും ഏറ്റവും ദൂരെയുള്ള സ്ഥാപനത്തിൽ ജോലി ചെയ്തു വന്ന ജീവനക്കാരന് സ്ഥലമാറ്റം അനുവദിക്കുകയായിരുന്നു . ആയതിനാൽ ശ്രീ സുനിൽ പി സി-യുടെ അപേക്ഷ ടിയാൻ മൂന്ന് വർഷം നിലവിലെ സ്ഥാപനത്തിൽ പൂർത്തിയാക്കുന്ന ശേഷമുള്ള പൊതുസ്ഥലമാറ്റത്തിലോ കാസറഗോഡ് ജില്ലയിൽ അടുത്ത തുറന്ന ഒഴിവ് വരുന്ന മുറക്കോ പരിഗണിക്കുന്നതാണ് എന്ന് അറിയിക്കുന്നു
2. ശ്രീമതി ശ്രീജ ആർ, ജൂനിയർ ഇൻസ്ട്രക്ടർ, ഐടിഐ പള്ളിക്കത്തോട് :- കളമശ്ശേരി ഐടിഐ-ൽ മെക്കാനിക് ആട്ടോ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് ട്രേഡിൽ സേവനത്തിലുണ്ടായിരുന്ന ശ്രീ ശ്യാം ജി നായർ കുടുംബ ശ്രീയിൽ ഡെപ്യൂട്ടേഷനിൽ പോയതിനാൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട് .ടി ഒഴിവിൽ നിയമനം നൽകിയില്ല എന്നതാണ് ശ്രീമതി ശ്രീജയുടെ പരാതി . ടിയാൾക്ക് കളമശ്ശേരി ഐടിഐ-ലെ മെക്കാനിക് ആട്ടോ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് ട്രേഡിൽ നിലവിലുള്ള തുറന്ന ഒഴിവിൽ നിയമനം നല്കി ഉത്തരവാകുന്നു
3. ശ്രീ അബ്ദുൽ റഹിമാൻ കോലോത്തുംതൊടി സീനിയർ ഇൻസ്ട്രക്ടർ ഐടിഐ കോഴിക്കോട് :- കോവിഡ് കാലത്ത് വനിതാ ജീവനക്കാരിക്ക് സൗകര്യപ്രദവുമായി നൽകിയ നിയമനം പുനഃപരിശോധിക്കണമെന്നുള്ള അപേക്ഷ നിലവിൽ പരിഗണിക്കാനാവില്ല എന്നറിയിക്കുന്നു.
4. ശ്രീ രമേശൻ എം കെ സീനിയർ ഇൻസ്ട്രക്ടർ ഐടിഐ കോഴിക്കോട് : കണ്ണൂർ ഐടിഐ-ൽ മൂന്ന് വർഷം പൂർത്തീകരിച്ച ശ്രീ റോയി പി വി കോഴിക്കോട് ഐടിഐ-ലേക്ക് സ്ഥലമാറ്റത്തിനായി നൽകിയ അപേക്ഷ പരിഗണിക്കുന്നതിനാണ് കോഴിക്കോട് ഐടിഐ-ലെ വയർമാൻ ട്രേഡിൽ മൂന്ന്

വർഷത്തിലധികം സേവനമുള്ള ശ്രീ രമേശൻ എം കെ യെ സ്ഥലമാറ്റിയിരുന്നത് .നിലവിൽ ടി സ്ഥലമാറ്റം ആവശ്യമില്ല എന്ന് ശ്രീ റോയ് പി വി അറിയിച്ചിട്ടുണ്ട് ആയതിനാൽ ശ്രീ രമേശൻ എം കെ-യെ സ്ഥലംമാറ്റിയ നടപടി റദ്ദ് ചെയ്ത് ഉത്തരവാകുന്നു

5. ശ്രീ മുഹമ്മദ് ഷാഫി എസ് സീനിയർ ഇൻസ്ട്രക്ടർ ഐടിഐ കോഴിക്കോട്: കോഴിക്കോട് ജില്ലക്ക് പുറത്ത് മൂന്ന് വർഷത്തിലധികമായി സേവനത്തലുണ്ടായിരുന്ന ശ്രീ വിനോദ് കുമാറിന് സ്ഥലമാറ്റം അനുവദിക്കുന്നതിനു വേണ്ടി ശ്രീ മുഹമ്മദ് ഷാഫിയെ കൊയിലാണ്ടി ഐടിഐ -ലേക്ക് സ്ഥലമായിരുന്നു എന്നാൽ നിലവിൽ കോഴിക്കോട് ഐടിഐ-ൽ ഫിറ്റർ ട്രേഡിൽ ഒരു തുറന്ന ഒഴിവ് നിലവിൽ വന്നിട്ടുണ്ട് ആയതിൽ ശ്രീ മുഹമ്മദ് ഷാഫിയെ കോഴിക്കോട് ഐടിഐ -ൽ നിലനിർത്താവുന്നതാണ് എന്നു കാണുന്നു .ആയതിനാൽ ശ്രീ മുഹമ്മദ് ഷാഫി എസ്-നെ സ്ഥലമാറ്റിയ നടപടി റദ്ദ് ചെയ്ത് ഉത്തരവാകുന്നു
6. ശ്രീ നിഖിൽ പി സീനിയർ ഇൻസ്ട്രക്ടർ ഐടിഐ കണ്ണൂർ : ടിയാൾക്ക് അപേക്ഷ പ്രകാരം കോഴിക്കോട് ഐടിഐ-ലേക്ക് സ്ഥലമാറ്റം അനുവദിച്ചിരുന്നു എന്നാൽ ടി സ്ഥലമാറ്റം ആവശ്യമില്ല എന്ന് അറിയിച്ചിരിക്കുന്നു ടിയാൾക്ക് അനുവദിച്ച സ്ഥലംമാറ്റം റദ്ദ് ചെയ്ത് ഉത്തരവാകുന്നു .ശ്രീ നിഖിൽ പി-ക്ക് സ്ഥലമാറ്റം നല്കുന്നതിലേക്കായി കോഴിക്കോട് ഐടിഐ-ലെ ബിജുമോൻ സി ആറിനെ സ്ഥലമാറ്റിയ നടപടിയും റദ്ദ് ചെയ്യുന്നു.
7. ശ്രീ റോയ് പി വി സീനിയർ ഇൻസ്ട്രക്ടർ ഐടിഐ കണ്ണൂർ : ടിയാൾക്ക് അപേക്ഷ പ്രകാരം കോഴിക്കോട് ഐടിഐ-ലേക്ക് സ്ഥലമാറ്റം അനുവദിച്ചിരുന്നു എന്നാൽ ടി സ്ഥലമാറ്റം ആവശ്യമില്ല എന്ന് അറിയിച്ചിരിക്കുന്നു ടിയാൾക്ക് അനുവദിച്ച സ്ഥലംമാറ്റം റദ്ദ് ചെയ്ത് ഉത്തരവാകുന്നു
8. ശ്രീ അഷറഫ് എ സീനിയർ ഇൻസ്ട്രക്ടർ ഐടിഐ മലമ്പുഴ : സീനിയർ ഇൻസ്ട്രക്ടർ ഐടിഐ മലമ്പുഴ : ടിയാൾക്ക് അപേക്ഷ പ്രകാരം ചാലക്കുടി ഐടിഐ-ലേക്ക് സ്ഥലമാറ്റം അനുവദിച്ചിരുന്നു എന്നാൽ ടി സ്ഥലമാറ്റം ആവശ്യമില്ല എന്ന് അറിയിച്ചിരിക്കുന്നു ടിയാൾക്ക് അനുവദിച്ച സ്ഥലംമാറ്റം റദ്ദ് ചെയ്ത് ഉത്തരവാകുന്നു
9. ശ്രീ അശോക് കുമാർ ബി, ജൂനിയർ ഇൻസ്ട്രക്ടർ, ഐടിഐ ചെന്നീർക്കര :- നിലവിലെ സ്ഥാപനത്തിൽ മൂന്ന് വർഷം തികയുന്നതിനു മുൻപ് ശ്രീ അശോക് കുമാർ ബി യെ ചെന്നീർക്കര ഐടിയിലേക്ക് മാറ്റി എന്നതാണ് പരാതി. ജില്ലയിൽ ടിയാളെക്കാൾ സീനിയർ ആയ ജീവനക്കാരെ നിലനിർത്തി ടിയാളെ സ്ഥലമാറ്റം നൽകിയ നടപടി പുനഃപരിശോധിക്കണം എന്നതാണ് ശ്രീ അശോക് കുമാറിൻറെ ആവശ്യം . തിരുവാർപ്പ് ഐടിഐ-ൽ മൂന്ന് വർഷത്തിലധികം സേവനത്തിലുണ്ടായിരുന്ന ശ്രീ സനൽകുമാർ ആർ -എന്നയാൾക്ക് അപേക്ഷ പ്രകാരം തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലമാറ്റം നൽകുന്നതിനാണ് ശ്രീ അശോക് കുമാറിനെ പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഐടിഐ -ലേക്ക് സ്ഥലമാറ്റം നല്കിയിരുന്നത്. എന്നാൽ പരിശോധനയിൽ തിരുവനന്തപുരം ജില്ലയിലെ പ്ലംബർ ട്രേഡിൽ ഏറ്റവും കൂടുതൽ സേവനദൈർഘ്യം ഉള്ള ധനുവച്ചപുരം ഐടിഐ-ലെ ശ്രീ റെജിമോൻ ഡി, സീനിയർ ഇൻസ്ട്രക്ടർ ആണ് ശ്രീ സനൽകുമാർ ആറിനു സ്ഥലമാറ്റം നല്കുന്നതിലെക്ക് ജില്ലയിൽ നിന്നും സ്ഥലമാറ്റപ്പെടേണ്ടത് എന്നു കാണുന്നു . ടി സാഹചര്യത്തിൽ ശ്രീ അശോക് കുമാറിനെ വാമനപുരം ഐടിഐ-ൽ നിയമിച്ചും നിലവിൽ വാമനപുരം ഐടിഐ-ൽ നിയമനം നൽകിയിരുന്ന ശ്രീ സനൽ കുമാർ ആറിനെ ധനുവച്ചപുരം ഐടിഐ-ൽ മാറ്റി നിയമിച്ചും ധനുവച്ചപുരം ഐടിഐ-ലെ സിനിയർ ഇൻസ്ട്രക്ടർ ശ്രീ റെജി മോൻ ഡി-യെ ചെന്നീർക്കര ഐടിഐ-ലേക്ക് സ്ഥലമാറ്റം നൽകിയും ഉത്തരവാകുന്നു
10. ശ്രീ ഡിലൻ മാത്യു , സീനിയർ ഇൻസ്ട്രക്ടർ, ഐടിഐ ഏറ്റുമാനൂർ :-ടിയാൻ ഇടുക്കി ജില്ലയിലെ കട്ടപ്പന ഐടിഐ -ലേക്ക് നിയമനത്തിനായി അപേക്ഷ

നൽകിയിരുന്ന ടി സ്ഥാപനത്തിൽ ഒഴിവില്ലാത്തതിനാൽ ശ്രീ ഡീലൻ മാത്യുവിനെ ഇടുക്കി ജില്ലയിൽ രാജാക്കാട് ഐടിഐ-ൽ നിയമിച്ചിരുന്നു .ടി നിയമനം ആവശ്യമില്ല എന്നും തന്നെ ഏറ്റുമാനൂർ ഐടിഐ -ൽ നിലനിർത്തണമെന്നും അപേക്ഷിച്ചിരിക്കുന്നു, നിലവിൽ ഏറ്റുമാനൂർ ഐടിഐ-ൽ വേറെ നിയമനം നടത്തിയിട്ടില്ല . ആയതിനാൽ ടിയാൾക്ക് അനുവദിച്ച സ്ഥലംമാറ്റം റദ്ദ് ചെയ്ത് ഉത്തരവാകുന്നു

11. ശ്രീമതി സുബിന കെ ബി സീനിയർ ഇൻസ്ട്രക്ടർ ഐടിഐ മാള : ടിയാളുടെ അപേക്ഷ പ്രകാരം അനോമലി പരിഹരിക്കുന്നതിനായി ചാലക്കുടി ഐടിഐ-ലെ സർവേയർ ട്രേഡിലെ സീനിയർ ഇൻസ്ട്രക്ടർ ശ്രീമതി ഷീജ പി വി-യെ മാള ഐടിഐ-ലേക്ക് സ്ഥലമാറ്റം നല്കിയും ശ്രീമതി സുബിന കെ ബി-യെ ചാലക്കുടി ഐടിഐ-ലേക്ക് മാറ്റി നിയമിച്ചും ഉത്തരവാകുന്നു
12. ശ്രീമതി സീനിയ സൈമൺ സീനിയർ ഇൻസ്ട്രക്ടർ ഐടിഐ മാള : ചാലക്കുടി ഐടിഐ-ലെ ഒഴിവിൽ നിയമനം നൽകിഉത്തരവാകുന്നു.

ടി അനോമലി അപേക്ഷകൾക്ക് പുറമെ ചാലക്കുടി ഐടിഐ-ലെ മഷിനിസ്റ്റ് ട്രേഡിലെ ഒഴിവിലേക്ക് കണ്ണൂർ ഐടിഐ-ലെ ജൂനിയർ ഇൻസ്ട്രക്ടർ ശ്രീ തങ്കച്ചൻ എം , അരീക്കോട് ഐടിഐ-ലെ എം ആർ എ സി ട്രേഡിലെ ഒഴിവിലേക്ക് കോഴിക്കോട് ഐടിഐ-ലെ സീനിയർ ഇൻസ്ട്രക്ടർ ശ്രീ ജ്യോതിഷ് പി പി- എന്നിവർ അപേക്ഷിച്ചിട്ടുണ്ട് .

ടി അപേക്ഷകൾ പരിഗണിച്ച് ശ്രീ തങ്കച്ചൻ എം, ജൂനിയർ ഇൻസ്ട്രക്ടറെ ചാലക്കുടി ഐടിഐ-ലേക്കും ശ്രീ ജോതിഷ് പി പി സീനിയർ ഇൻസ്ട്രക്ടറെ അരീക്കോട് ഐടിഐ-ലേക്കും സ്ഥലമാറ്റം നൽകി ഉത്തരവാകുന്നു

സ്ഥലമാറ്റം ലഭിച്ച ജീവനക്കാർ ഉടൻ നിലവിലെ തസ്തികയിൽനിന്നും വിടുതൽ വാങ്ങി പുതിയ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കേണ്ടതാണ്. ടി ജീവനക്കാർക്ക് നിലവിലെ ചട്ടങ്ങൾ പ്രകാരമുള്ള യാത്രപ്പടിക്കും പ്രവേശനകാലത്തിനും അർഹതയുണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)
ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്

സ്വീകരർത്താക്കൾ
മേൽപ്പറഞ്ഞ ജീവനക്കാർ (സ്ഥാപന മേലധികാരി മുഖേനെ)
പകർപ്പ്
പ്രിൻസിപ്പാൾ
ഐടിഐ
കൽപ്പറ്റ/കോഴിക്കോട്
/കണ്ണൂർ/മലമ്പുഴ/മാള/ചാലക്കുടി/ഏറ്റുമാനൂർ/രാജക്കാട്/ചെന്നീർക്കര/
വാമനപുരം/ധനുവച്ചപുരം

**//ഉത്തരവിൻ പ്രകാരം//**
Reji.A
**സീനിയർ സൂപ്രണ്ട്**